**കേരള സർക്കാർ**

# സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് നഗരസഭയിലെ മാവൂർ റോഡ് ശ്മശാനത്തിന്റെ പുന:രുദ്ധാരണപ്രവർത്തി - എം.എൽ.എ-യുടെ ആസ്തിവികസന ഫണ്ടും തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടും സംയോജിപ്പിച്ച് പ്രവർത്തി നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

G.O.(Rt)No. 722/2017/LSGD തിരുവനന്തപുരം,തീയതി, 16/03/2017

---

പരാമർശം:- 1. സ.ഉ. (സാധാ) നം. 1968/16/തസ്വഭവ തീയതി, 22/6/2016.

2. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ 3/1/2017 - ലെ EG12/119136/15 നം. കത്ത്.

3. 0/3/2017-ൽ നടന്ന സംസ്ഥാന തല കോ-ഓഡിനേഷൻ കമ്മിറ്റിയുടെ പ്രത്യേക വിഷയങ്ങളിലെ 1-ാം നം, തീരുമാനം.

## ഉത്തരവ്

"കോഴിക്കോട് നഗരസഭയിലെ മാവൂർ റോഡ് ശ്മശാനത്തിന്റെ പുനരുദ്ധാരണ പ്രവർത്തി" എന്ന പദ്ധതിക്കായി കോഴിക്കോട് നോർത്ത് നിയോജകമണ്ഡലം എം.എൽ.എ ശ്രീ. എ. പ്രദീപ്കുമാറിന്റെ ആസ്തിവികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം 1 പ്രകാരം നൽകിയിട്ടുണ്ട്. കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി, പരാമർശം (2) പ്രകാരമുള്ള കത്തിൽ, പ്രസ്തുത പദ്ധതിക്കായി നഗരസഭയും 26 ലക്ഷം രൂപ നടപ്പ സാമ്പത്തിക

വർഷം വകയിരുത്തിയിട്ടുണ്ടെന്നും ഈ തുകയും പരാമർശം 1 പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള 50 ലക്ഷം രൂപയും ചേർത്ത് ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കി പി.ഡബ്ല്യു.ഡി-യെ ഏൽപ്പിക്കുകയാണെങ്കിൽ ഉചിതമായിരിക്കുമെന്നും അതിനായി 50 ലക്ഷം രൂപ പി.ഡബ്ല്യു.ഡി-യിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിന് അനുമതി നൽകണമെന്നും സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുകയാണ്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും "കോഴിക്കോട് നഗരസഭയിലെ മാവൂർ റോഡ് ശ്മശാന പുനരുദ്ധാരണ പ്രവർത്തിക്ക്" പരാമർശം 1 പ്രകാരം അനുവദിച്ചിട്ടുള്ള 50 ലക്ഷം രൂപയും തദ്ദേശ സ്ഥാപനത്തിന്റെ 26 ലക്ഷം രൂപയും ചേർത്ത് ഒറ്റ എസ്റ്റിമേറ്റായി പി.ഡബ്ല്യു.ഡി - യിൽ ഡെപ്പോസിറ്റ് ചെയ്ത് നടപ്പിലാക്കുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MOHANAKUMAR A K

JOINT SECRETARY

സെക്രട്ടറി, കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്/എ ആന്റ് ഇ ),
കേരള, തിരുവനന്തപുരം

അക്കൗണ്ടൻറ് ജനറൽ (എൽബിഎ & എ) കേരള,
തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ ,എ ി.കെ.എം. തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by HAZEENA P S
Date: 2017.03.16 16:47:38 IST
Reason: Approved

സെക്ഷൻ ഓഫീസർ